**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 610** **13-10-2026-ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിലെ പ്രശ്നങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജകമണ്ഡലത്തിലെ പൊന്മുടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**മറുപടി:** നെടുമങ്ങാട് - പൊന്മുടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് 05/10/2026-ൽ കെഎസ്ഇബി-യും KSTP യും കോർഡിനേഷൻ മീറ്റിംഗ് നടത്തി. കെഎസ്ഇബി-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി മുൻപ് കൊടുത്ത ഡിമാൻഡ് പ്രകാരം, Supervision ചാർജ് KSTP അടച്ച് കുറച്ച് സ്ഥലങ്ങളിൽ OH ലൈനുകളും UG കേബിളുകളും മാറ്റിയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ കരാറുകാരനെ KSTP ഒഴിവാക്കി, പുതിയ കരാർ KSTP നൽകിയത് പ്രകാരം ഏറ്റവും പുതിയ ലേബർ / കോസ്റ്റ് ഡേറ്റ ഉപയോഗിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് KSTP യ്ക്ക് നൽകിയിട്ടുണ്ട്. മുൻപ് ചെയ്ത പ്രവൃത്തികൾ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ബിൽ measure ചെയ്ത് ബാലൻസ് അടയ്ക്കേണ്ടുന്ന Supervision ചാർജ് എത്രയാണെന്ന് 09/10/2026 ന് മുൻപ് KSTP യെ അറിയിക്കാമെന്ന് കോർഡിനേഷൻ മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. UG കേബിളുകൾ പുനർനിർമ്മാണം നടക്കുന്ന റോഡിനുള്ളിൽ ആകുകയാണെങ്കിൽ, ഭാവിയിൽ കേബിൾ തകരാർ വരുമ്പോൾ DLP (Defect Liability Period) കാലയളവിൽ തകരാർ പരിഹരിക്കാൻ കാലതാമസം നേരിടുമെന്നും ആയതിനാൽ യൂട്ടിലിറ്റി ഡക്റ്റ് കൂടി റോഡ് നവീകരണത്തിൽ ഉൾപ്പെടുത്തണമെന്ന് കെഎസ്ഇബി ആവശ്യപ്പെട്ടുവെങ്കിലും നിലവിലെ DPR ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ കഴിയില്ലെന്ന് KSTP അറിയിച്ചു.

നിലവിലെ കേബിളിന്റെ റൂട്ട് കേബിൾ ടെസ്റ്റിംഗ് ടീമിനെക്കൊണ്ട് മാർക്ക് ചെയ്യിച്ച് ആവശ്യമെങ്കിൽ സൗകര്യപ്രദമായി റോഡിന്റെ സൈഡിലേക്ക് മാറ്റുന്നതിനും തീരുമാനിച്ചിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സംയുക്ത പരിശോധന നടത്തുകയും, ആയതിന് ശേഷം പുതുക്കിയ ഡിമാൻഡ് കൊടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**